
# കൊട്ടാരക്കരയിൽ വൻ ലഹരിവേട്ട; മൂന്ന് പ്രതികൾ പിടിയിൽ


അതുൽ കൃഷ്ണ അനന്ദു വിപിൻ

കൊട്ടാരക്കര: കൊട്ടാരക്കരയിൽ വൻ ലഹരി വേട്ടയിൽ മൂന്ന് യുവാക്കൾ പൊലീസ് പിടിയിലായി. കുടവട്ടൂർ വിപിൻ നിവാസിൽ വിപിൻ (20), കരീപ്ര നെല്ലിമുക്ക് മടന്തക്കോട് ചിത്രാലയത്തിൽ അതുൽ കൃഷ്ണ (28), നെടുമൺകാവ് ചൈത്രം ഭവനിൽ അനന്ദു (26) എന്നിവരാണ് അറസ്റ്റിലായത്. 143.872 ഗ്രാം എംഡിഎംഎയുമായി കൊട്ടാരക്കര കെഎസ്ആർടിസി ബസ്സ്റ്റാൻഡിന്റെ സമീപത്ത് വച്ചാണ് കൊല്ലം റൂറൽ ഡാൻസാഫ് ടീമും കൊട്ടാരക്കര പൊലീസും ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. കച്ചവടത്തിനായി ബംഗളൂരുവിൽ നിന്നും കൊണ്ടു വന്നതാണ് എംഡിഎംഎ. ഇന്നലെ പുലർച്ചയോടെയാണ് സംഭവം. ബിബിൻ ബാംഗ്ലൂരിൽ നിന്നും എംഡിഎംഎ വാങ്ങി ട്രെയിനിൽ എറണാകുളത്തു വന്ന ശേഷം അവിടെനിന്നും ബസിൽ കൊട്ടാരക്കര കെഎസ്ആർടിസി സ്റ്റാൻഡിൽ ഇറങ്ങി. അനന്ദുവും അതുലും ബിബിനെ കാത്ത് സ്റ്റാൻഡിന് പുറത്ത് ബൈക്കുമായി നിൽക്കുന്നുണ്ടായിരുന്നു. രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയ്ക്കിടെ ബൈക്കിൽ പോകാൻ ശ്രമിക്കുന്നതിടെ പൊലീസ് തടഞ്ഞു നിർത്തി പിടികൂടുകയായിരുന്നു.

കൊല്ലം റൂറൽ ഡാൻസാഫ് ടീമും കൊട്ടാരക്കര പൊലീസ് സ്റ്റേഷൻ എസ്എച്ച്ഒ ജിജുകുമാർ, എസ്ഐമാരായ ഹേമന്ദ് മോഹൻ, സജീവ്, മുജീബ് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

## വൈദ്യുതി പോസ്റ്റ് അപകടാവസ്ഥയിൽ

കടയ്ക്കൽ: കടയ്ക്കൽ മടത്തറ റോഡിൽ എസ്ബിഐ റോഡിലോട്ട് തിരിയുന്ന ഭാഗത്ത് വൈദ്യുതി പോസ്റ്റ് ഏതുനിമിഷവും നിലത്ത് വീഴുന്ന അവസ്ഥയിൽ നിൽക്കുകയാണ്. നൂറുകണക്കിന് വാഹനങ്ങളും കാൽനട യാത്രക്കാരും സഞ്ചരിക്കുന്ന പാതയിലാണ് അപകടവസ്ഥയിലായ പോസ്റ്റ് നിൽക്കുന്നത്. അടിയന്തരമായി പോസ്റ്റ് മാറ്റി സ്ഥാപിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.


കടയ്ക്കൽ ടൗണിൽ തകർന്നുവീഴാറായ അവസ്ഥയിൽ നിൽക്കുന്ന വൈദ്യുതി പോസ്റ്റ്

## വൈഎംസിഎ പുനലൂർ സബ് റീജിയൻ പ്രവർത്തനോദ്ഘാടനം

കൊട്ടാരക്കര: വൈഎംസിഎ പുനലൂർ സബ് റീജിയൻ പ്രവർത്തനോദ്ഘാടന സമ്മേളനവും സ്വാതന്ത്ര്യസ്മൃതി സംഗമവും ഇന്ന് തലച്ചിറ വൈഎംസിഎയുടെ ആതിഥേയത്വത്തിൽ ചിരട്ടക്കോണം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽ നടക്കും. സംസ്ഥാന ചെയർമാൻ പ്രൊഫ. അലക്സ് തോമസ് ഉദ്ഘാടനം ചെയ്യും. കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളജ് മാനേജർ സക്കറിയ റമ്പാൻ ധ്യാന സന്ദേശവും ദേശീയ മാധ്യമ വിഭാഗം ചെയർമാൻ കെ ഒ രാജുക്കുട്ടി സ്വാതന്ത്ര്യദിന സന്ദേശവും നൽകും. ചെയർമാൻ ഷിബു കെ ജോർജ് അധ്യക്ഷത വഹിക്കും. ആക്ഷൻ പ്ലാൻ പ്രകാശനം കൊല്ലം സബ് റീജിയൻ ചെയർമാൻ ജോർജ് കോശിയും വിദ്യാനിധി സ്കോളർഷിപ്പ് വിതരണം റീജണൽ വിമൻസ് ഫോറം വൈസ് ചെയർപേഴ്സൺ സാലമ്മ ജോണും നിർവഹിക്കും. ഫാ മാത്യു ആലുംമൂട്ടിൽ, ജനറൽ കൺവീനർ പി ഒ ജോൺ, മുൻ സബ് റീജിയൻ ചെയർമാൻ ഡോ. എബ്രഹാം മാത്യു, എക്യൂമെനിക്കൽ സെന്റർ ചെയർമാൻ എൽ തങ്കച്ചൻ, സബ് റീജിയൻ വനിതാ ഫോറം കൺവീനർ ലീലാമ്മ ജോർജ്, വിൽസൻ ചിരട്ടക്കോണം, എൻ എ ജോർജുകുട്ടി എന്നിവർ സംസാരിക്കും.

# എഐഎസ്എഫ് സ്ഥാപക ദിനാചരണം



കടയ്ക്കൽ താലൂക്ക് ആശുപത്രിയിലേക്ക് എഐഎസ്എഫ് മണ്ഡലം കമ്മിറ്റിയുടെ ഫോർ ഡബിൾ സ്ട്രെച്ചർ സിപിഐ സംസ്ഥാന കൗൺസിൽ അംഗം എസ് ബുഹാരി കൈമാറുന്നു

കടയ്ക്കൽ: എഐഎസ്എഫ് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായി എഐഎസ്എഫ് കടയ്ക്കൽ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ കടയ്ക്കൽ താലൂക്ക് ആശുപത്രിക്ക് ഫോൾഡബിൾ സ്ട്രെച്ചർ കൈമാറി.

സിപിഐ സംസ്ഥാന കൗൺസിൽ അംഗം എസ് ബുഹാരി ഫോൾഡബിൾ സ്ട്രെച്ചർ ആശുപത്രി ആർഎംഒ ഡോ. ഹരിലാലിന് കൈമാറി. പിആർഒ കാർത്തിക, ഹോസ്പിറ്റൽ ജീവനക്കാർ എന്നിവർ ചേർന്ന് സ്ട്രെച്ചർ ഏറ്റുവാങ്ങി.

എഐഎസ്എഫ് മണ്ഡലം സെക്രട്ടറി ഷാൻ സക്കറിയ, മണ്ഡലം പ്രസിഡന്റ് പ്രഗൽഭ്, കടയ്ക്കൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ആദർശ്, സിപിഐ കടയ്ക്കൽ എൽസി സെക്രട്ടറി അശോക് ആർ നായർ, എഐവൈഎഫ് മണ്ഡലം സെക്രട്ടറി സോണി, എഐടിയുസി മണ്ഡലം കമ്മിറ്റി അംഗം ശശി, കണ്ണൻ എന്നിവർ പങ്കെടുത്തു.

# അഭിഭാഷകന്റെ കുടുംബത്തിന് നേരെയുണ്ടായ ആക്രമണത്തിൽ പ്രതിഷേധം

കൊല്ലം: ഞാറക്കൽ, പറവൂർ, എറണാകുളം എന്നിവിടങ്ങളിൽ പ്രാക്ടീസ് ചെയ്യുന്ന അഡ്വ. ടി എം ഡോൾഗോവിന്റെ വീട്ടിൽ അതിക്രമിച്ചുകയറി വയോധികനായ പിതാവിനെ ക്രൂരമായി മർദിക്കുകയും കുത്തിപ്പരിക്കേൽപ്പിക്കുകയും ചെയ്ത സംഭവത്തിൽ കൊല്ലം ബാർ അസോസിയേഷൻ ഡയറക്ടർ ബോർഡ് ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

ഒരു കേസിൽ കക്ഷിക്കുവേണ്ടി നിയമപരമായി വക്കാലത്ത് സ്വീകരിച്ചതിന്റെ പേരിൽ അഭിഭാഷകന്റെ കുടുംബത്തിന് നേരെ ആക്രമണം നടത്തുന്നത് ജനാധിപത്യത്തിനും നിയമവാഴ്ചയ്ക്കും സ്വതന്ത്രമായ നീതിന്യായ വ്യവസ്ഥയ്ക്കും നേരെയുള്ള വെല്ലുവിളിയാണെന്ന് ഡയറക്ടർ ബോർഡ് അഭിപ്രായപ്പെട്ടു. സംഭവത്തിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പ്രതികളെയും അടിയന്തരമായി നിയമത്തിന് മുന്നിൽ കൊണ്ടുവന്ന് കുറ്റത്തിന്റെ ഗൗരവത്തിനനുസരിച്ചുള്ള വകുപ്പുകൾ ചുമത്തി കർശന നടപടി സ്വീകരിക്കണമെന്ന് പൊലീസ് അധികാരികളോട് ആവശ്യപ്പെട്ടു. അഭിഭാഷകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും സുരക്ഷ ഉറപ്പാക്കുന്നതിനായി അഡ്വക്കേറ്റ്സ് പ്രൊട്ടക്ഷൻ ആക്ട് അടിയന്തരമായി നടപ്പാക്കണമെന്നും സർക്കാർ തയ്യാറാകണമെന്ന് ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ ബി ശ്രീകുമാറും സെക്രട്ടറി അഡ്വ. ബോറിസ് പോളും പ്രസ്താവനയിൽ അറിയിച്ചു.

## രക്ത-നേത്ര പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിച്ചു

പത്തനാപുരം: സെന്റ് സ്റ്റീഫൻസ് കോളജ് എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കോളജിൽ രക്ത-നേത്ര പരിശോധനാ ക്യാമ്പ് സംഘടിപ്പിച്ചു. പത്തനാപുരം പ്രിസൈസ് കണ്ണാശുപത്രിയുടെയും ഡോ ഹെൽത്ത് കെയർ ലാബ്സ് ആൻഡ് സ്കാൻസ്, ഏഴംകുളം ലാബോറട്ടറി എന്നിവയുടെയും സഹകരണത്തോടെ നടന്ന ക്യാമ്പ് വാർഡ് മെമ്പർ മണിലേഖ ഉദ്ഘാടനം നിർവഹിച്ചു. പ്രിൻസിപ്പൽ ഡോ. ബിജു എ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർമാരായ ഡോ. സിനുലാൽ ടി എസ്, ഡോ. അൻസു സൂസൻ എന്നിവരും കോളജ് അധ്യാപകരും നേതൃത്വം നൽകി.

# 'ഹർ ഘർ തിരംഗ' റാലി സംഘടിപ്പിച്ചു



വിവേകാനന്ദ വിഎച്ച്എസ്എസിൽ വിഎച്ച്എസ്ഇ വിഭാഗം എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന 'ഹർ ഘർ തിരംഗ' യാത്ര

ചടയമംഗലം: പോരേടം വിവേകാനന്ദ വിഎച്ച്എസ്എസിൽ 'ഹർ ഘർ തിരംഗ' റാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി വിവേകാനന്ദ വിഎച്ച്എസ്എസിൽ വിഎച്ച്എസ്ഇ വിഭാഗം എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 'ഹർ ഘർ തിരംഗ' യാത്ര സംഘടിപ്പിച്ചു.

സ്കൂൾ അങ്കണത്തിൽ നിന്നും ആരംഭിച്ച റാലി പോരേടം ഗണപതി നട ജങ്ഷൻ ചുറ്റി തിരികെ സ്കൂളിൽ സമാപിച്ചു. വിഎച്ച്എസ്ഇ വിഭാഗം പ്രിൻസിപ്പാൾ സോജു ഡാനിയേൽ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഷൈജു എസ് മാധവൻ എന്നിവർ റാലിക്ക് നേതൃത്വം നൽകി. തുടർന്ന് നടന്ന സമാപന സമ്മേളനത്തിൽ പ്രിൻസിപ്പൽ സോജു ഡാനിയേൽ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഷൈജു എസ് മാധവൻ, സീതി, അധ്യാപകരായ ദീപ കുമാരി, ഷംന ഖരീം, അഷ്ന, വിഷ്ണു തുടങ്ങിയവർ പങ്കെടുത്തു.

# ജില്ലയിലെ മികച്ച കർഷകന്റെ സമ്മിശ്ര കൃഷിത്തോട്ടം കാട്ടുപന്നികൾ നശിപ്പിച്ചു

ശാസ്താംകോട്ട: ജില്ലയിലെ മികച്ച കർഷകന്റെ സമ്മിശ്ര കൃഷിത്തോട്ടം കൂട്ടത്തോടെ എത്തിയ കാട്ടുപന്നികൾ തകർത്തെറിഞ്ഞു. മൈനാഗപ്പള്ളി കോവൂർ അരിനല്ലൂർ നെട്ടുതറയിൽ സോമന്റെ കൃഷിയിടത്തിലെ പച്ചക്കറി ഉൾപ്പെടെയുള്ള കാർഷിക വിളകളാണ് കാട്ടുപന്നികൾ നശിപ്പിച്ചത്.

ഓണത്തിന് വിളവെടുക്കേണ്ട ചേന, വാഴ, വെണ്ട, ചീര, മരച്ചീനി മുതലായ കൃഷികളാണ് നശിപ്പിക്കപ്പെട്ടത്. കഴിഞ്ഞ ദിവസം രാത്രിയിലാണ് സംഭവം. മുൻപ് ചെറിയ രീതിയിലാണ് കൃഷി നശിപ്പിച്ചിരുന്നത്. പന്നി ശല്യം തടയാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സോമൻ പരാതിയുമായി എത്താത്ത ഓഫീസുകളില്ല. പഞ്ചായത്ത് തലം മുതൽ മന്ത്രിതലം വരെ പരാതിപ്പെട്ടിട്ടും ഒരു പരിഹാരവും ഉണ്ടായില്ലെന്ന് അദ്ദേഹം പറയുന്നു.


കോവൂർ അരിനല്ലൂർ നെടുതറയിൽ സോമന്റെ തോട്ടത്തിലെ ചേന കൃഷി കാട്ടുപന്നികൾ നശിപ്പിച്ച നിലയിൽ

2009 മുതൽ തുടർച്ചയായി എല്ലാ വർഷവും ഏറ്റവും മികച്ച കർഷകനുള്ള അവാർഡ് വാങ്ങുന്ന 70 വയസുള്ള കർഷകനാണ് സോമൻ. ജില്ലയിലെ ഏറ്റവും വലിയ വെറ്റില കർഷകൻ കൂടിയാണ്. കൃഷിയോടൊപ്പം പശുവളർത്തൽ, കോഴി വളർത്തൽ, മീൻ വളർത്തൽ എന്നിവയും മികച്ച രീതിയിൽ മുന്നോട്ട് പോകുന്നു. കാട്ടുപന്നി ശല്യത്തിന് ശാശ്വത പരിഹാരം ഉണ്ടായില്ലെങ്കിൽ തങ്ങളുടെ ജീവിതമാർഗം കൂടിയായ കൃഷി ഉപേക്ഷിക്കേണ്ടി വരുമെന്നും സോമൻ പറയുന്നു.

## ക്വട്ടേഷൻ

കൊല്ലം: കൊല്ലം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയുടെ മാതൃയാനം പദ്ധതിയിലേക്ക് അഞ്ചു പേർ സഞ്ചരിക്കാവുന്ന വാഹനം (കാർ) (1500 സിസി യിൽ താഴെ) ലഭ്യമാക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. അവസാനതീയതി: സെപ്റ്റംബർ ഒന്ന്. ഫോൺ: 0474 2575717.

# കെഎസ്എം ഡി ബി കോളജിൽ സ്പേസ് എക്സിബിഷൻ



സ്പേസ് എക്സിബിഷൻ 'ഫ്രം സ്പേസ് ടു സൊസൈറ്റി' വിഎസ്എസ്സി, എസ്പിഎൽ ഡയറക്ടർ ഡോ. തരുൺ കുമാർ പന്ത് ഉദ്ഘാടനം ചെയ്യുന്നു

ശാസ്താംകോട്ട : കെഎസ്എം ഡി ബി കോളജിൽ ബഹിരാകാശ ദിനാഘോഷത്തോടനുബന്ധിച്ച് നടന്ന സ്പേസ് എക്സിബിഷൻ 'ഫ്രം സ്പേസ് ടു സൊസൈറ്റി' വിഎസ്എസ്സി, എസ്പിഎൽ ഡയറക്ടർ ഡോ. തരുൺ കുമാർ പന്ത് ഉദ്ഘാടനം ചെയ്തു.

ഇന്ത്യയുടെ ബഹിരാകാശ നേട്ടമായ ചന്ദ്രയാൻ ദൗത്യത്തിലെ അഭിമാനകരമായ നിമിഷങ്ങളെ വിദ്യാർത്ഥികൾക്ക് അദ്ദേഹം പരിചയപ്പെടുത്തി. മനുഷ്യ ശരീരത്തിലെ പല മൂലകങ്ങളും പുരാതന നക്ഷത്രങ്ങളുടെ ശേഷിപ്പുകളാണെന്ന ശാസ്ത്രീയ കാഴ്ചപ്പാടിനെ അവതരിപ്പിക്കുകയും ചെയ്തു. ചടങ്ങിൽ നാഷണൽ സ്പേയ്സ് ഡേയുടെ പ്രാധാന്യത്തെക്കുറിച്ച് വിഎസ്എസ്സി, സ്പെയ്സ് ട്രാൻസ്പോർട്ടേഷൻ പ്രോഗ്രാം ഡയറക്ടർ അനിത എസ് സംസാരിച്ചു. .

കോളജിലെ വിവിധ പഠന വിഭാഗങ്ങൾ ഒരുക്കിയ ശാസ്ത്ര പ്രദർശനങ്ങൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഡെപ്യൂട്ടി ഡയറക്ടർ അനിൽകുമാർ വി ഉദ്ഘാടനം ചെയ്തു. ഖാദി ബോർഡ്, ഹോർട്ടികോർപ്പ്, റബ്ബർ ബോർഡ് തുടങ്ങിയ സർക്കാർ സ്ഥാപനങ്ങളുടെയും വിവിധ സ്വയം തൊഴിൽ സംരംഭങ്ങളുടെയും പ്രദർശനവും വിപണനവും ഭക്ഷ്യമേളയും നടന്നു. ജില്ലയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ പ്രദർശനം കാണാനെത്തി. ഐഎസ്ആർഒ ശാസ്ത്ര ജ്ഞരുടെ നേതൃത്വത്തിൽ കോളജ് അങ്കണത്തിൽ നടത്തിയ വാട്ടർ റോക്കറ്റ് വിക്ഷേപണം വിദ്യാർത്ഥികളിൽ കൗതുകമുണർത്തി. ഡോ. ആനന്ദ് കുമാർ ആർ ടി, നിതീഷ് കെ എസ്, വിജയകുമാർ എസ് നായർ, ഡോ. മീര എ പി, ഡോ.ആശാ രാധാകൃഷ്ണൻ, രാഗി ആർ ജി എന്നിവർ സംസാരിച്ചു.

# ജനവാസമേഖലയിൽ പുലിയെ തുറന്ന് വിട്ടതിൽ സിപിഐ(എം) പ്രതിഷേധം


പ്രതിഷേധ ധർണ സിപിഐ(എം) ജില്ലാ സെക്രട്ടറി എസ് സുദേവൻ ഉദ്ഘാടനം ചെയ്യുന്നു

പുനലൂർ: അച്ചൻകോവിൽ ജനവാസ മേഖലയിൽ വനം വകുപ്പ് പുലിയെ തുറന്നു വിട്ടത് ജനങ്ങളോടും ആദിവാസി സമൂഹത്തോടുമുള്ള വെല്ലുവിളിയെന്ന് സിപിഐ(എം) ജില്ലാ സെക്രട്ടറി എസ് സുദേവൻ. സിപിഐ(എം) നേതൃത്വത്തിൽ അച്ചൻകോവിൽ ഫോറസ്റ്റ് ഡിവിഷൻ ഓഫീസിന് മുന്നിലെ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പത്തനാപുരം അലി മുക്കിൽ നിന്ന് വനം വകുപ്പിന്റെ കൂട്ടിലകപ്പെട്ട പുലിയെ മൃഗശാലയിൽ ഏൽപ്പിക്കുകയോ ഘോരവനത്തിൽ വിടുകയോ ആണ് ചെയ്യേണ്ടത്. എന്നാൽ ആൾപ്പാർപ്പുള്ള അച്ചൻകോവിൽ മേഖലയിൽ പാതിരാത്രിയിൽ ലോറിയിൽ കയറ്റിക്കൊണ്ട് വിടുകയാണ് വനം വകുപ്പ് അധികൃതർ ചെയ്തത്. അച്ചൻകോവിൽ ആര്യങ്കാവ് പഞ്ചായത്തിന്റെ രണ്ട് വാർഡും 2000 ലധികം ജനസംഖ്യയുമുള്ള പ്രദേശമാണ്. സ്കൂൾ, ശ്രീ ധർമ്മശാസ്താ ക്ഷേത്രം, പൊലീസ് സ്റ്റേഷൻ, എക്സൈസ് ചെക്ക് പോസ്റ്റ്, പ്രൈമറി ഹെൽത്ത് സെന്റർ, ആയുർവേദ പരിശോധനകേന്ദ്രം മൂന്ന് അംഗൻവാടികൾ, ഡിഎഫ് ഒ ഓഫീസ്, മൂന്ന് റേഞ്ച് ഓഫീസ്, 50 ൽ പരം വ്യാപാര സ്ഥാപനങ്ങൾ അടക്കമുള്ള പ്രധാനപ്പെട്ട കേന്ദ്രമാണ്. ശബരിമല ദർശനത്തിന് വരുന്ന ഭക്തൻമാർ അച്ചൻകോവിൽ ക്ഷേത്ര ദർശനം നടത്തിയിട്ടാണ് കേരളത്തിലേക്ക് പ്രധാനമായി കടക്കുന്നത്. ആദിവാസികളായിട്ടുള്ള മനുഷ്യർക്ക് വനവിഭവങ്ങൾ ശേഖരിച്ച് അവർ അച്ചൻകോവിലെ വനശ്രീ മുഖാന്തിരമാണ് വിൽപന നടത്തുന്നത്. പ്രദേശത്തെ ജനങ്ങളും ആദിവാസികളും ആശങ്കയിലാണ്. ജനവാസമേഖലയിൽ വിട്ട പുലിയെ വനം വകുപ്പ് പിടികൂടി തിരികെ ഉൾ വനത്തിലാക്കി പ്രദേശത്തെ ജനങ്ങളുട ഭീതി നീക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

ബിനു മാത്യു അധ്യക്ഷനായി. ബിജുലാൽ പാലസ് സ്വാഗതം പറഞ്ഞു.

ഏരിയ സെക്രട്ടറി അഡ്വ. പി സജി, ഏരിയ കമ്മിറ്റി അംഗങ്ങളായ വി എസ് മണി, പി രാജു, പഞ്ചായത്തംഗം മനു മത്തായി, ഉണ്ണികൃഷ്ണൻ, പ്രശാന്തൻ, ഡിവൈഎഫ്ഐ വില്ലേജ് സെക്രട്ടറി പി എസ് അരുൺ എന്നിവർ സംസാരിച്ചു.

# പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ചവരെ പിടികൂടി

ചാത്തന്നൂർ: പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് നടത്തിയ നൈറ്റ് സ്ക്വാഡ് പരിശോധനയിൽ മാലിന്യം നിക്ഷേപിക്കാനെത്തിയവരെ വാഹനസഹിതം പിടികൂടി.

ചാത്തന്നൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ നിർത്തിയിട്ടിരുന്ന ട്രാക്ടർ ട്രെയിലറിൽ ബ്യൂട്ടി പാർലറിൽ നിന്നുള്ള മുടി മാലിന്യവും മറ്റ് അജൈവ മാലിന്യങ്ങളും നിക്ഷേപിക്കാനെത്തിയവരെയാണ് പഞ്ചായത്ത് സ്ക്വാഡ് പിടികൂടിയത്.

പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി പഞ്ചായത്ത് രൂപീകരിച്ച പ്രത്യേക സ്ക്വാഡിന്റെ നേതൃത്വത്തിൽ നടത്തിയ രാത്രികാല പരിശോധനയിലാണ് സംഭവം കണ്ടെത്തിയത്. മാലിന്യം കൊണ്ടുവന്ന വാഹനം ഉൾപ്പെടെ പിടികൂടി തുടർനടപടികൾക്കായി ചാത്തന്നൂർ പൊലീസ് സ്റ്റേഷന് കൈമാറി.

സംഭവവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് 10,000 പിഴ ഈടാക്കി. മാലിന്യം നിക്ഷേപിച്ച സ്ഥാപനത്തിനെതിരെയും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചു. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ യാതൊരു വിട്ടുവീഴ്ചയും കൂടാതെ കർശന നിയമനടപടികൾ സ്വീകരിക്കുമെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പഞ്ചായത്തിന്റെ പരിധിയിൽ മാലിന്യം അനധികൃതമായി നിക്ഷേപിക്കുന്നത് തടയുന്നതിനായി രാത്രികാല സ്ക്വാഡ് പരിശോധനകൾ തുടരുമെന്നും സെക്രട്ടറി വ്യക്തമാക്കി.

## വിളവെടുപ്പ് നടത്തി

ചാത്തന്നൂർ: ചാത്തന്നൂർ ഗ്രാമപഞ്ചായത്തും കുടുംബശ്രീ സിഡിഎസിന്റെ നിറപ്പൊലിമ ബന്ദി കൃഷിയുടെ വിളവെടുപ്പ് നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഒ മഹേശ്വരി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് കവിതദേവി, നിർമ്മല വർഗീസ്, സിഡിഎസ് ചെയർപേഴ്സൺ സിനി അജയൻ, സുനി ബോവസ് സിഡിഎസ്, എഡിഎസ് കുടുംബശ്രീ അംഗങ്ങൾ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

# ഗർഭിണിയായ അമ്മയെയും അഞ്ചു മക്കളെയും ഗാന്ധിഭവൻ ഏറ്റെടുത്തു


താരയെയും മക്കളെയും ഭർത്താവിനൊപ്പം യാത്രയാക്കുന്നു

കൊല്ലം: കാർത്തികപ്പള്ളി ഡാണാപ്പടി റോഡ് സൈഡിൽ ആലംബമില്ലാതെ തുണി വിരിച്ച് കിടക്കുകയായിരുന്ന എട്ടുമാസം ഗർഭിണിയായ താരയെയും അഞ്ചു മക്കളെയും ഗാന്ധിഭവൻ ഏറ്റെടുത്തു.

മന്ത്രിമാരായ രമേശ് ചെന്നിത്തല, ബിന്ദു കൃഷ്ണ തുടങ്ങിയവരുടെ ഇടപെടലിൽ എട്ടുമാസം ഗർഭിണിയായ താര (30) മക്കളായ രുദ്ര (11), രൂപ (7), രേവതി (5), മീനാക്ഷി (3), രാഹുൽ (2) എന്നിവരെ ആഭ്യന്തര വകുപ്പ് മന്ത്രിയുടെ ഓഫിസ് സെക്രട്ടറി വേണു ജി നായർ, ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ബബിത ജയൻ, മുൻ പഞ്ചായത്ത് മെമ്പർ സ്മിത പ്രദീപ്, മഞ്ജു തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു ഗാന്ധിഭവനിലെത്തിച്ചത്.

ഗാന്ധിഭവനിൽ എത്തിച്ച താരയ്ക്കും മക്കൾക്കും ആവശ്യമായ സംരക്ഷണവും പരിചരണവും ഒരുക്കിയിരുന്നു. ഗാന്ധിഭവനിൽ പ്രവർത്തിച്ചുവരുന്ന കേരള ഹൈക്കോടതിയുടെ കീഴിലുള്ള കെൽസ ലീഗൽ എയ്ഡ് ക്ലിനിക്കിൽ നിന്നും നൽകിയ കൗൺസിലിങ്ങിലൂടെയും രാജേഷുമായി നടത്തിയ വിശദമായ അനുരഞ്ജന ചർച്ചകളിലൂടെയും ഭാര്യയെയും മക്കളെയും സ്വന്തം ഉത്തരവാദിത്വത്തിൽ സംരക്ഷിക്കാനും വാടകയ്ക്ക് വീട് എടുത്ത് താമസിപ്പിക്കാനും രാജേഷ് ഉറപ്പ് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ വാടക വീട് എടുക്കുന്നതിനുള്ള തുക നൽകി ഗാന്ധിഭവനിൽ നിന്നും ക്രമീകരിച്ച വാഹനത്തിൽ താരയെയും അഞ്ചു മക്കളെയും രാജേഷിനൊപ്പം യാത്രയാക്കി.

താരയുടെ പ്രസവശുശ്രൂഷ ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസം എന്നിവയിൽ ഗാന്ധിഭവൻ തുടർന്നും ആവശ്യമായ സഹായം നൽകുമെന്ന് ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ അറിയിച്ചു. കുടുംബത്തിന് സ്വയം ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യം ഒരുക്കുന്നതിനൊപ്പം താരയ്ക്കും ഭർത്താവ് രാജേഷിനും സുരക്ഷിതമായി താമസിക്കുന്നതിനായി വീട് ഒരുക്കുന്നതിനും തൊഴിൽ ലഭ്യമാക്കുന്നതിനും ഗാന്ധിഭവൻ ആവശ്യമായ ഇടപെടലുകൾ നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

### നഷ്ടപ്പെട്ടു

എന്റെ A0977484 നമ്പറിൽ ഉള്ള പാസ്പോർട്ട് യാത്ര മധ്യേ നഷ്ടപ്പെട്ടു. ഡ്യൂപ്ലിക്കേറ്റ് എടുക്കുന്നതിൽ പരാതിയുള്ളവർ 7 ദിവസത്തിനകം രേഖാമൂലം തിരുവനന്തപുരം പാസ്പോർട്ട് ഓഫീസിൽ അറിയിക്കണം.

MINIMOLE MATHAI
MULLASSERIL SNEHA BHAVAN
CHENGAMANDU P. O
KOTTARAKKARA, KOLLAM-691557

### CHANGE OF NAME

I, JASEELA BEEGOM NAZEER, holder of Passport No. L8862911 do hereby change my name to JASEELA BEEGOM. A as per my Adhaar No. 9717 7345 7330 for all purposes.

### CHANGE OF NAME

I, SABEENA AZHAR holder of Passport Number N 7898816 do hereby change my name to SABEENA SHARAFUDHEEN (SABEENA. S) as per my Aadhaar Number 9981 5295 1903 for all purposes.


KERALA BANK
Kerala State Co-operative Bank

## കേരള സംസ്ഥാന സഹകരണ ബാങ്ക് ലിമിറ്റഡ്

റീജിയണൽ ഓഫീസ്, തിരുവനന്തപുരം.
പി.ബി. നം. 5122, ഈസ്റ്റ് ഫോർട്ട്, ഫോർട്ട് പി. ഒ., തിരുവനന്തപുരം-695023.
ഫോൺ: 0471-2451595, 2451596, 2451597. ഇ-മെയിൽ: tvmro@keralabank.co.in

### സ്ഥാവര വസ്തുക്കളുടെ ലേല വിൽപന പരസ്യം

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം റീജിയണൽ ആഫീസിലെ ബാങ്കിംഗ് ഇതര ആസ്തി വിറ്റഴിക്കൽ പോളിസി പ്രകാരം ബാങ്കിന്റെ കൈവശമുള്ള വസ്തുവിന്റെ വിൽപന നോട്ടീസ് താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ ബാങ്കിംഗ് ഇതര ആസ്തി വിറ്റഴിക്കൽ പോളിസി പ്രകാരം വിൽപന നടത്തുന്നതിലേക്കായി 07-09-2026 -ാം തീയതിയിൽ രാവിലെ 11.00 മണിക്ക് നടത്തുന്ന വസ്തു ലേല വിൽപനയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവരിൽ നിന്നും ദർഘാസുകൾ (മുദ്രവച്ച ദർഘാസുകൾ) ക്ഷണിച്ചുകൊണ്ടുള്ള വിവരം പൊതുജനങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ലേല സ്ഥലം: കൊല്ലം ക്രെഡിറ്റ് പ്രോസ്സസിംഗ് സെന്റർ | തീയതി: 07-09-2026 സമയം: രാവിലെ 11.00 മണി

സ്ഥാവര വസ്തുവിന്റെ വിവരം: കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കൊല്ലം വെസ്റ്റ് വില്ലേജിൽ, ബ്ലോക്ക് നം. 194, റീ സർവ്വേ നം. 8-ൽ പ്പെട്ട 24.25 ആർ (59.92 സെന്റ്) വസ്തുവും അതിലുള്ള സകലവിധ അവകാശങ്ങളും കൂടിയാകുന്നു. അതിരുകൾ: കിഴക്ക്: റസീല ബീവി ഹുസൈബ ഫൈസൽ മുഹമ്മദ് വക വസ്തു; തെക്ക്: ഹലീമ ബീവി വക വസ്തു; വടക്ക്: വർസ്സീസ് വക വസ്തു; പടിഞ്ഞാറ്: പോർട്ട് ഗോഡൗൺ, വർസ്സീസ് വക വസ്തു.

കരുതൽ വില: രൂപ 4,90,94,100/- | നിരതദ്രവ്യം: രൂപ 49,09,410/- | ബാധ്യത: നിലവിൽ ബാങ്കിന്റെ അറിവിൽ ബാധ്യതകളില്ല.

തുക ഒടുക്കേണ്ട അക്കൗണ്ട് നമ്പർ- 11342200503601, IFS Code-KSBK0001134

ലേല വിൽപനയുടെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും ബാങ്കിന്റെ വെബ്സൈറ്റായ : https://www.keralabank.co.in സന്ദർശിക്കുക.

സ്ഥലം: തിരുവനന്തപുരം, തീയതി: 14-08-2026. ഒപ്, ജനറൽ മാനേജർ, റീജിയണൽ ആഫീസ്, തിരുവനന്തപുരം.